ഉത്തരം

(എ) രാജേഷിന്റെ കൊലപാതകം സംബന്ധിച്ച് ആക്ഷൻ കൗൺസിലിന്റെ പരാതി ലഭിച്ചിട്ടുണ്ട്.

(ബി) വടക്കാഞ്ചേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 398/05-ാം നമ്പർ കേസന്വേഷണത്തിന്റെ ഭാഗമായി ഏകദേശം 160-ഓളം പേരെ ചോദ്യം ചെയ്തിട്ടുള്ളതും ആയതിൽ സതീശൻ സൺ ഓഫ് ശങ്കരൻ എഴുത്തശ്ശൻ എന്നയാൾ ഈ കേസിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ബോധ്യമാകയാൽ ടിയാനെ പ്രതി ചേർത്ത് കൂടുതൽ അന്വേഷണം നടത്തിവരവെ ടി സതീശൻ കെട്ടിത്തൂങ്ങി ആത്മഹത്യ ചെയ്തിട്ടുള്ളതാണ്.

(സി & ഡി) കേസന്വേഷണം വടക്കാഞ്ചേരി പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക ടീം രൂപീകരിച്ച് ഊർജ്ജിതമായി നടത്തിവരുന്നു. ക്രൈം ബ്രാഞ്ച് അന്വേഷണം ഇപ്പോൾ പരിഗണനയിലില്ല.

പോലീസ് സ്റ്റേഷനുകൾ ആക്രമിക്കപ്പെട്ട സംഭവങ്ങൾ

79 [800] ശ്രീ. സി. പി. മുഹമ്മദ്:
,, വി. വിജയകുമാർ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള മന്ത്രിസഭ അധികാരത്തിൽ വന്നശേഷം എവിടെയെല്ലാം പോലീസ് സ്റ്റേഷനുകൾ ആക്രമിക്കപ്പെട്ടിട്ടുണ്ട്;

(ബി) ഏതു രാഷ്ട്രീയ കക്ഷികളിൽ പെട്ടവരാണ് പോലീസ് സ്റ്റേഷനുകളിൽ ആക്രമണം നടത്തിയത്;

(സി) രാത്രികാലത്ത് പോലീസ് സ്റ്റേഷൻ ആക്രമിക്കപ്പെട്ട സംഭവം എവിടെയെല്ലാം ഉണ്ടായി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിലവിലുള്ള മന്ത്രിസഭ അധികാരത്തിൽ വന്നശേഷം പള്ളിക്കൽ, പൂയപ്പള്ളി, ഗുരുവായൂർ, കോഴിക്കോട് മെഡിക്കൽകോളേജ്, അമ്പലവയൽ, ധർമ്മടം എന്നീ പോലീസ് സ്റ്റേഷനുകൾ ആക്രമിക്കപ്പെട്ടിട്ടുണ്ട്.

(ബി) സി. പി. എം. പ്രവർത്തകരാണ് ആക്രമണം നടത്തിയത്.

(സി) അമ്പലവയൽ, പൂയപ്പള്ളി, പള്ളിക്കൽ, പോലീസ് സ്റ്റേഷനുകൾ ആക്രമിക്കപ്പെട്ടു.

രജിസ്റ്റർ ചെയ്ത വാഹന അപകട കേസുകൾ

80 [802] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 കലണ്ടർ വർഷം സംസ്ഥാനത്ത് വാഹനാപകടവുമായി ബന്ധപ്പെട്ട എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വാഹനാപകടങ്ങളിൽ എത്ര പേർ മരണപ്പെടുകയുണ്ടായി എന്നും എത്ര പേർക്ക് പരിക്കു പറ്റി എന്നും സ്ഥായിയായി അംഗവൈകല്യം സംഭവിച്ചവർ എത്ര എന്നും അറിയിക്കുമോ?

ഉത്തരം

(എ) 41678 കേസ്സുകൾ.

(ബി) മരണപ്പെട്ടവർ .. 3051

പരിക്ക് പറ്റിയവർ .. 51230

സ്ഥായിയായി അംഗവൈകല്യം സംഭവിച്ചവർ .. 98.

മോഷ്ടിക്കപ്പെട്ട ഇരുചക്ര വാഹനങ്ങൾ

81 [803] ശ്രീ. ജി. കാർത്തികേയൻ:

,, കെ. മുഹമ്മദാലി:

പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോഷ്ടിക്കപ്പെടുന്ന ഇരുചക്രവാഹനങ്ങൾ, കാറുകൾ, ജീപ്പുകൾ എന്നിവയുടെ കളർ, രജിസ്ട്രേഷൻ നമ്പർ, എൻജിൻ നമ്പർ മുതലായവ മാറ്റി അവയെ പുതിയ വാഹനങ്ങളാക്കിത്തീർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2005 ഡിസംബർ 31-ലെ കണക്കനുസരിച്ച് മോഷ്ടിക്കപ്പെട്ട വാഹനങ്ങളെ സംബന്ധിക്കുന്ന എത്ര പരാതികൾ നിലവിലുണ്ട്;

(സി) വ്യാജമായി വാഹനങ്ങളുടെ നിറം, രജിസ്ട്രേഷൻ നമ്പർ, എൻജിൻ നമ്പർ എന്നിവ മാറ്റിക്കൊടുക്കുന്ന സ്ഥാപനങ്ങളെയോ വ്യക്തികളെയോ കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1189 പരാതികൾ.

(സി) സ്ഥാപനങ്ങളെ കണ്ടെത്തിയിട്ടില്ല. വ്യക്തികളെ കണ്ടെത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly